REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 22-06-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **11-ാമത് അന്താരാഷ്ട്ര യോഗാദിനം വിപുലമായി ആഘോഷിച്ച് രാഷ്ട്രം.**
- **ഓപ്പറേഷൻ സിന്ധു പുരോഗമിക്കുന്നു. 290 ഇന്ത്യക്കാരെയും കൊണ്ട് പ്രത്യേക വിമാനം ഇന്നലെ ന്യൂഡൽഹിയിലെത്തി.**
- **നിലമ്പൂർ നിയമസഭാ ഉപതെരഞ്ഞെടുപ്പിലെ വോട്ടെണ്ണൽ നാളെ.**
- **സ്കൂൾ പരിസരങ്ങളിൽ വിൽക്കുന്ന ഭക്ഷ്യവസ്തുക്കളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ കർശന നടപടി സ്വീകരിച്ചതായി മന്ത്രി വീണാ ജോർജ്.**
- **സംസ്ഥാനത്ത് ഇന്ന് വ്യാപക മഴയ്ക്ക് സാധ്യത. ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.**

## വാർത്തകൾ വിശദമായി

വനിതാ-ശിശുക്ഷേമ നയങ്ങളിൽ യോഗയെ സംയോജിപ്പിക്കുന്നത് രാജ്യത്ത് ആരോഗ്യവും ക്ഷേമവും വർധിപ്പിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഗർഭധാരണത്തിന് മുമ്പും ശേഷവും യോഗ ചെയ്യുന്നത് അനുബന്ധ ആരോഗ്യ വെല്ലുവിളികളെ ഫലപ്രദമായി കൈകാര്യം ചെയ്യാൻ സ്ത്രീകളെ പ്രാപ്തരാക്കുമെന്ന് കേന്ദ്ര വനിതാ-ശിശു വികസനമന്ത്രി അന്നപൂർണ ദേവിയുടെ സമൂഹമാധ്യമ പോസ്റ്റ് പങ്കുവെച്ച് പ്രധാനമന്ത്രി എക്സ് പോസ്റ്റിൽ കുറിച്ചു.

✪✪✪

ശരീരവും മനസ്സും ആത്മാവും തമ്മിൽ ഐക്യം കൈവരിക്കുന്നതോടൊപ്പം വ്യക്തികളുടെ സമഗ്ര വികസനത്തിലും യോഗ പങ്കു വഹിക്കുന്നതായി ലോക്സഭാ സ്പീക്കർ ഓം ബിർള പറഞ്ഞു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ദശലക്ഷണക്കണക്കിന് ആളുകൾ യോഗ സെഷനുകളിൽ പങ്കെടുത്ത് ഈ പുരാതന പാരമ്പര്യത്തിന്റെ ഊർജം നേടിയെന്നും സ്പീക്കർ ന്യൂഡൽഹിയിൽ വ്യക്തമാക്കി. സുസ്ഥിരവും ആരോഗ്യകരവുമായ ശരീരം നിലനിർത്തുന്നതിലാണ് യോഗാസനത്തിന്റെ സാരംശമെന്ന് കേന്ദ്ര മന്ത്രി ശിവരാജ് സിങ് ചൗഹാനും പറഞ്ഞു. ഒരു ദിവസത്തെ ആചാരമായിട്ടല്ല, ദീർഘകാല ക്ഷേമം പ്രോത്സാഹിപ്പിക്കുന്ന സ്ഥിരപരിശീലനമായി യോഗ കണക്കാക്കണമെന്നും ചൗഹാൻ പറഞ്ഞു.

✪✪✪

11-ാമത് അന്താരാഷ്ട്ര യോഗാദിനം വിപുലമായി ആഘോഷിച്ച് രാഷ്ട്രം.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ...

........വോയ്സ്.......

അന്താരാഷ്ട്ര യോഗാദിനാചരണത്തോടനുബന്ധിച്ച് ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ നേതൃത്വത്തിൽ വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു. ഐ ലവ് മുംബൈ, ടൈംസ് ഓഫ് ഇന്ത്യ എന്നീ സന്നദ്ധ സംഘടനകളുമായി സഹകരിച്ച് നടത്തിയ യോഗ സെഷനിൽ നിരവധി പേർ പങ്കെടുത്തു. മഹാരാഷ്ട്ര ഉപമുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെ മുഖ്യാതിഥിയായി പങ്കെടുത്തു. സെൻട്രൽ റെയിൽവേയുടെ നേതൃത്വത്തിലും അന്താരാഷ്ട്ര യോഗദിനം സമുചിതമായി ആഘോഷിച്ചു. ജീവനക്കാരുടെ ക്ഷേമത്തിനും സമഗ്ര ആരോഗ്യത്തിനും യോഗ പ്രോത്സാഹിപ്പിക്കുമെന്ന് സെൻട്രൽ റെയിൽവേ ജനറൽ മാനേജർ ധരംവീർ മീണ പറഞ്ഞു. സംസ്ഥാനത്തും യോഗാ ദിനത്തിൽ വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു.

✪✪✪

ഇറാൻ - ഇസ്രായേൽ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ ഇറാനിൽ നിന്ന് ഇന്ത്യക്കാരെ ഒഴിപ്പിക്കാനായി ആരംഭിച്ച ഓപ്പറേഷൻ സിന്ധുവിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 290 ഇന്ത്യക്കാരെയും കൊണ്ട് പ്രത്യേക വിമാനം ഇന്നലെ രാത്രി ന്യൂഡൽഹിയിലെത്തി. ഇതോടെ ഓപ്പറേഷൻ സിന്ധുവിലുൾപ്പെടുത്തി രാജ്യത്തെത്തിച്ച ആളുകളുടെ എണ്ണം 1,117 ആയി. ഇറാനിൽ നിന്ന് ഒഴിപ്പിച്ച ഇന്ത്യക്കാരുടെ അഞ്ചാമത്തെ ബാച്ചാണിത്.

പ്രത്യേക വിമാനത്തിലെ യാത്രാസംഘത്തിലെ ഏക മലയാളി വിദ്യാർഥിനിയായ മലപ്പുറം സ്വദേശി ഫാദില കച്ചക്കാരൻ ഡൽഹിവഴി ഇന്നലെ കൊച്ചിയിലെത്തി.

✪✪✪

സംഘർഷബാധിതമായ ഇറാനിൽ നിന്ന് ഓപ്പറേഷൻ സിന്ധുവിലൂടെ തങ്ങളുടെ പൗരന്മാരെ ഒഴിപ്പിക്കാൻ സഹായിച്ചതിന് നേപ്പാളും ശ്രീലങ്കയും ഇന്ത്യയോട് നന്ദി അറിയിച്ചു. നേപ്പാളി പൗരന്മാരെ ഒഴിപ്പിക്കുന്നതിൽ ഇന്ത്യ നൽകിയ പിന്തുണ നേപ്പാൾ-ഇന്ത്യ ബന്ധങ്ങളുടെ ശക്തിയുടെ പ്രതിഫലനമാണെന്ന് നേപ്പാൾ വിദേശകാര്യ മന്ത്രി അർസു റാണ ഡ്യൂബ സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു. ശ്രീലങ്കൻ പൗരന്മാരെ ഇറാനിൽ നിന്ന് ഒഴിപ്പിക്കുന്നതിൽ സമയബന്ധിതമായി സഹായിച്ചതിന് ശ്രീലങ്കയും ഇന്ത്യക്ക് നന്ദി അറിയിച്ചു.

✪✪✪

നിലമ്പൂർ നിയമസഭാ ഉപതെരഞ്ഞെടുപ്പിലെ വോട്ടെണ്ണൽ നാളെ രാവിലെ എട്ടിന് ആരംഭിക്കും.

ചുങ്കത്തറ മാർത്തോമ ഹയർ സെക്കൻഡറി സ്കൂളിൽ സജ്ജീകരിച്ച സ്ട്രോങ് റൂമിൽ സായുധപൊലീസിന്റെ സുരക്ഷയിലാണ് ഇവിഎമ്മുകൾ സൂക്ഷിച്ചിരിക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി M സുരേഷ് ബാബു

........വോയ്സ്........

✪✪✪

സ്കൂൾ പരിസരങ്ങളിലെ വ്യാപാര സ്ഥാപനങ്ങളിൽ വിൽക്കുന്ന ഭക്ഷ്യവസ്തുക്കളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പ് കർശന നടപടി സ്വീകരിച്ചതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. കഴിഞ്ഞ ബുധൻ, വ്യാഴം ദിവസങ്ങളിൽ സംസ്ഥാന വ്യാപകമായി 1,502 സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനയിൽ ഏഴ് കടകളുടെ പ്രവർത്തനം നിർത്തിവെച്ചതായും 227 സ്ഥാപനങ്ങൾക്ക് റെക്ടിഫിക്കേഷൻ നോട്ടീസ് നൽകിയതായും മന്ത്രി പറഞ്ഞു. 98 കടകളിൽ നിന്നും പിഴ ഈടാക്കുന്നതിന് നടപടിയും സ്വീകരിച്ചു.

✪✪✪

സംസ്ഥാനത്ത് ജൂൺ മാസത്തിലെ ക്ഷേമ പെൻഷൻ വിതരണം ആരംഭിച്ചതായി മന്ത്രി KN ബാലഗോപാൽ അറിയിച്ചു. പെൻഷൻ തുകയായ 825 കോടി 71 ലക്ഷം രൂപ വെള്ളിയാഴ്ച തന്നെ അനുവദിച്ചിരുന്നുവെന്നും ഈ തുക ബാങ്കുകൾക്ക് കൈമാറിയെന്നും മന്ത്രി പറഞ്ഞു. ബാങ്ക് അക്കൗണ്ടുവഴി പെൻഷൻ ലഭിക്കുന്ന ഭൂരിപക്ഷം പേർക്കും ഇന്നലെ തന്നെ പെൻഷൻ

ലഭിച്ചിട്ടുണ്ടെന്നും  മറ്റുള്ളവർക്ക് വരും ദിവസങ്ങളിൽ ലഭിക്കുമെന്നും മന്ത്രി അറിയിച്ചു.

✪✪✪

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദേശ പഠനം സാധ്യമാക്കാൻ സംസ്ഥാന ഗവൺമെന്റ്  ഒപ്പം നിൽക്കുകയാണെന്ന് മന്ത്രി OR കേളു പറഞ്ഞു. കാസർഗോഡ് നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് വർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചീമേനി ഗ്രാമപഞ്ചായത്തിലെ പയ്യറാട്ട് നിർമ്മിച്ച കമ്മ്യൂണിറ്റി ഹാൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ 800 ചെറുപ്പക്കാർക്ക് ഗവൺമെന്റ് സ്കോളർഷിപ്പ് നൽകി പഠനത്തിനായി വിദേശ രാജ്യങ്ങളിലേക്ക് അയച്ചിരിക്കുകയാണെന്നും ഓരോരുത്തർക്കും 25 ലക്ഷം രൂപയാണ് നൽകുന്നതെന്നും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് ഇന്ന് വ്യാപക മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. വടക്കൻ കേരളത്തിൽ ബുധനാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്നും മുന്നറിയിപ്പുണ്ട്.

ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകി.

✪✪✪

ഉദ്യോഗ നിയമനങ്ങളിലെ അഴിമതി തടയാൻ ഇൻറർവ്യൂകളിൽ ഉദ്യോഗാർത്ഥികൾക്ക് ലഭിക്കുന്ന മാർക്ക് ഇനം തിരിച്ച് രേഖപ്പെടുത്തണമെന്നും വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടാൽ പകർപ്പ് നല്കണമെന്നും സംസ്ഥാന വിവരാവകാശ കമ്മിഷണർ ഡോ.എ. അബ്ദുൽ ഹക്കീം ഉത്തരവിട്ടു. ഇൻറർവ്യൂ ബോഡ് അംഗങ്ങൾ സ്കോർഷീറ്റ് മുഴുവനും പൂരിപ്പിക്കാതെ ആകെ മാർക്ക് മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ എന്ന വിശദീകരണങ്ങൾ തള്ളിയാണ് കമ്മിഷന്റെ നിർദ്ദേശം. കൊട്ടാരക്കര സെൻറ് ഗ്രിഗോറിയസ് കോളജിൽ ഓഫീസ് അസിസ്റ്റൻറ് നിയമനത്തിൽ ക്രമക്കേടുണ്ടായി എന്നാരോപിച്ചും ഇൻറർവ്യൂ സ്കോർ ഷീറ്റിൻറെ പകർപ്പ് ആവശ്യപ്പെട്ടും സമർപ്പിച്ച രണ്ടാം അപ്പീൽ തീർപ്പാക്കിയാണ് കമ്മിഷൻ എല്ലാ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ബാധകമാകുന്ന പൊതു ഉത്തരവ് പുറപ്പെടുവിച്ചത്.

✪✪✪

ദേശീയപാത നിർമാണത്തിൽ കാലാവസ്ഥയ്ക്കനുസരിച്ച് ഡിസൈനിങ് നടപ്പിലാക്കണമെന്നും സാങ്കേതിക പരിജ്ഞാനമുള്ള ഉന്നതതല സംഘം പരിശോധിക്കണമെന്നും KC വേണുഗോപാൽ MP പറഞ്ഞു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്ന ആലപ്പുഴ ജില്ലാ വികസന ഏകോപന - ഉപദേശക സമിതി യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം.

മണ്ണ് പരിശോധന കൃത്യമായി നടത്തിവേണം നിർമാണം മുന്നോട്ടു കൊണ്ടുപോകാനെന്നും ലൈറ്റ്, സൈൻ ബോർഡ് എന്നിവ സ്ഥാപിക്കണമെന്നും ദേശീയപാത അതോറിറ്റിക്ക് MP നിർദ്ദേശം നൽകി.

✪✪✪

ഇന്ത്യ-ഇംഗ്ലണ്ട് ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫി ക്രിക്കറ്റ് ടെസ്റ്റിലെ ആദ്യ മത്സരത്തിൽ, ആതിഥേയരായ ഇംഗണ്ടിന്റെ ഒന്നാം ഇന്നിംഗ്സ് ഇന്ന് പുനരാരംഭിക്കും. ലീഡ്സിൽ ഇന്ത്യൻ സമയം വൈകിട്ട് മൂന്നരയ്ക്കാണ് മത്സരം.

ഇന്നലെ കളി അവസാനിക്കുമ്പോൾ ഇംഗ്ലണ്ട് മൂന്നു വിക്കറ്റിന് 209 റൺസെടുത്തു. ഒന്നാം ഇന്നിങ്സിൽ ഇന്ത്യ 471 റൺസിന് പുറത്തായി.

✪✪✪

ബെൽജിയത്ത് FIH പ്രോ ലീഗ് പുരുഷ ഹോക്കി ടൂർണമെന്റിൽ ഇന്ത്യയ്ക്ക് തോൽവി. മൂന്നിനെതിരെ ആറു ഗോളിനാണ് ഇന്ത്യയെ ആതിഥേയർ തോൽപ്പിച്ചത്. റൗണ്ടിലെ അവസാന മത്സരത്തിൽ ഇന്ത്യ ഇന്ന് വീണ്ടും ബെൽജിയത്തെ നേരിടും. ബെൽജിയത്ത് വൈകിട്ട് ഏഴിനാണ് മത്സരം. 15 പോയിന്റുമായി ടൂർണമെന്റിൽ ഇന്ത്യ എട്ടാം സ്ഥാനത്താണ്.

✪✪✪

കണ്ണൂർ നഗരത്തിലും പരിസരങ്ങളിലും തെരുവുനായ ശല്യം അവസാനിപ്പിക്കുന്നതിനായി ജില്ലാ ഭരണകൂടം സ്വീകരിച്ച നടപടികൾ 15 ദിവസത്തിനകം അറിയിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം K. ബൈജുനാഥ് ആവശ്യപ്പെട്ടു.

തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, കോർപ്പറേഷൻ സെക്രട്ടറി, ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്നിവർ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് നിർദ്ദേശം.

ജൂലൈയിൽ കണ്ണൂർ ഗവ. ഗസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിംഗിൽ കേസ് പരിഗണിക്കും. മനുഷ്യാവകാശ പ്രവർത്തകനായ വി. ദേവദാസ് സമർപ്പിച്ച പരാതിയിലാണ് നടപടി.

✪✪✪

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ കോഴിക്കോട് ഫാറൂഖ് കോളേജിൽ സംഘടിപ്പിച്ച അധ്യാപക പരിശീലന പരിപാടി സമാപിച്ചു. 'ഇ-കണ്ടന്റ് ഡെവലപ്പ്മെന്റ് ആൻഡ് ഔട്ട് കം - ബേസ്ഡ് എഡ്യൂക്കേഷൻ' എന്ന വിഷയത്തിൽ ഫാറൂഖ് കോളേജ്, UGC - മദൻ മോഹൻ മാളവ്യ അധ്യാപക പരിശീലന കേന്ദ്രം, SGTB ഖൽസ കോളേജ്, യൂണിവേഴ്സിറ്റി ഓഫ് ഡൽഹി എന്നിവർ സംയുക്തമായാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്.

സമാപന ദിവസത്തെ ആദ്യ സെക്ഷന് UGC മുൻ ചെയർമാൻ പ്രൊഫ. വേദ് പ്രകാശ് നേതൃത്വം നൽകി.

✪✪✪

പരിസ്ഥിതിപ്രവർത്തകനും കേശവതീരം ആയുർ വേദഗ്രാമം സ്ഥാപകനുമായ കണ്ണൂർ പുറച്ചേരി വെദിര മന ഇല്ലത്ത് വിഷ്ണു നമ്പൂതിരി അന്തരിച്ചു. അദ്ദേഹത്തിന് 68 വയസ്സായിരുന്നു. മലബാറിൽ തേനീച്ച കൃഷിക്ക് തുടക്കമിടുന്നതിനും പ്രചരിപ്പിക്കുന്നതിനും മുന്നിലുണ്ടായിരുന്ന അദ്ദേഹത്തിന് ഡൽഹി പഞ്ചവാദ്യ ട്രസ്റ്റിന്റെ ആയുഷ് പുരസ്സാരം ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

✪✪✪

വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച കുട്ടികൾക്കായി പ്രധാനമന്ത്രി രാഷ്ട്രീയ ബാലപുരസ്ക്കാറിന് അപേക്ഷ ക്ഷണിച്ചു. ധീരത, സാമൂഹിക പ്രവർത്തനം, പരിസ്ഥിതി, കായികം, കല-സംസ്ക്കാരം, സയൻസ് ആൻഡ് ടെക്നോളജി എന്നിവയിൽ കഴിവുതെളിയിച്ച 18വയസിന് താഴെ പ്രായക്കാരായ കുട്ടികൾക്കാണ് പുരസ്ക്കാരം നൽകുക. ജൂലൈ 31 ആണ് നാമനിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് അവസാന തീയതി.

✪✪✪

സ്വയം ബോധ്യപ്പെടാനും മറ്റുള്ളവരെ ബോധ്യപ്പെടുത്താനും സമൂഹത്തിലേക്ക് ഇറങ്ങിവരാൻ സ്ത്രീകൾ കൂടുതൽ സമയം കണ്ടെത്തണമെന്ന് സംസ്ഥാന വനിതാ കമീഷൻ ചെയർപേഴ്സൺ P സതീദേവി പറഞ്ഞു. കോഴിക്കോട് എലത്തൂരിൽ വനിതാ കമീഷൻ സംഘടിപ്പിച്ച തീരദേശ ക്യാമ്പിന്റെ ഭാഗമായ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ.

✪✪✪

*News Editor : ശ്രുതി എസ്*
*News Reader: നിമിഷ ജി*
*CNRT:ഫസ്ന ഫാത്തിമ*
*DEO : സി കെ സുബോധ്*